# വിവരാവകാശ നിയമം 2005

ഭരണ ഭാഷ-മാതൃഭാഷ

032033

GOVERNMENT OF KERALA

നം.1701013/ഡി1/17/സാ.നീ.വ

സാമൂഹ്യനീതി (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി 18.8.2017

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ.അനിൽകുമാർ,
റ്റി.സി.28/376(1),
കൈതമുക്ക്, തിരുവനന്തപുരം

OFFICE OF THE DIRECTOR OF SOCIAL JUSTICE
24 AUG 2017
TRIVANDRUM

സർ,

വിഷയം - സാമൂഹ്യ നീതി വകുപ്പ് -വിവരാവകാശ നിയമം 2005- മറുപടി നൽകുന്നത് സംബന്ധിച്ച്

സൂചന- പൊതുഭരണ(പാർലമെന്റ്) വകുപ്പ് മുഖേന 3.8.2017 ൽ ലഭിച്ച താങ്കളുടെ വിവരാവകാശ പ്രകാരമുള്ള അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു:- ചോദ്യം 1, 3, 4- ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല.

16.8.99 നും 31.12.2003 നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. തുടർന്ന് ടി ഉത്തരവു പ്രകാരം സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകളിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് 1.8.1994 നും 31.12.1996 നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം താൽക്കാലിക അടിസ്ഥാനത്തിൽ 179 ദിവസം ജോലി പൂർത്തിയാക്കിയ അംഗപരിമിതർക്കു കൂടി നിയമന ഉത്തരവ് നൽകി. 10.3.2017 ലെ സ.ഉ(പി) നം.4/17/സാ.നീ.വ പ്രകാരം 16.8.1999 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമനം ലഭിച്ചവരും എന്നാൽ പി.എസ്.സി സ്ഥിരനിയമനം, അദ്ധ്യയന വർഷാവസാനം, പ്രസവാവധി എന്നീ കാരണങ്ങളാൽ 179 ദിവസം സേവനം പൂർത്തിയാക്കുവാൻ സാധിക്കാത്തവരുമായ 154 അംഗപരിമിതർക്ക് പുനർനിയമനം നൽകി ഉത്തരവായി. കൂടാതെ 16.8.1999 നും 31.12.2003 നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കുകയും എന്നാൽ 2004 വർഷത്തിലേയ്ക്ക് സേവന കാലയളവ് കടന്നുപോകുകയും ചെയ്ത 104 അംഗപരിമിതർക്ക് കൂടി നിയമനം നൽകി ഉത്തരവായിട്ടുണ്ട്. കൂടാതെ താങ്കളുടെ ചോദ്യത്തിലെ 1, 3, 4 നമ്പർ പിരിവുകൾക്ക് വിവരങ്ങൾ വല്ലതും ലഭ്യമെങ്കിൽ ആയത് താങ്കൾക്ക് നേരിട്ട് നൽകുന്നതിനായി താങ്കളുടെ അപേക്ഷയുടെ പകർപ്പ് സാമൂഹ്യനീതി വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറി നൽകിയിട്ടുണ്ട് എന്നു കൂടി അറിയിക്കുന്നു.

മേൽ മറുപടി തൃപ്തികരമല്ലാത്ത പക്ഷം ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം ഈ വകുപ്പിലെ അപ്പീൽ അധികാരിക്ക് താഴെ പറയുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

അപ്പീൽ അധികാരിയുടെ മേൽവിലാസം -
ശ്രീമതി.കെ.എം.ലീലാമണി,
അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
PH-0471 2518373

വിശ്വസ്തതയോടെ,

എൻ.എ.അബ്ദുൾ റഷീദ്
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി

പകർപ്പ്-സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യനീതി വകുപ്പ്(ലഭ്യമായ വിവരങ്ങൾ നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് സഹിതം)

R

E-1687015/17




From

ബിനിൽകുമാർ
TC 28/376(1)
Kaithamukku
TVPM

To

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ജനറൽ അഡ്മിനിസ്ട്രേഷൻ വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്.

വിഷയം: വിവരാവകാശ നിയമം

സർ, വിവരാവകാശനിയമ പ്രകാരം താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുവാൻ അപേക്ഷ

1) സർക്കാർ അർദ്ധസർക്കാർ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഗവ. സെക്രട്ടറിയേറ്റിൽ എത്ര വികലാംഗരായ ജീവനക്കാർ ഉണ്ട്?

2) വികലാംഗരായ ഗവ. സെക്രട്ടറിയേറ്റ് ജീവനക്കാരെ, സർവ്വീസിൽ സംരക്ഷിക്കപ്പെടുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ നടപടികൾ എന്തൊക്കെയാണ്?

3) അഞ്ച് വർഷത്തിൽ അധികമായി, ഗവ. സെക്രട്ടറിയേറ്റിൽ ജോലി ചെയ്യുന്ന എത്ര വികലാംഗരായ ജീവനക്കാരുണ്ട്

4) അഞ്ച് വർഷത്തിൽ അധികമായി ജോലി ചെയ്തുവരുന്ന ഗവ. സെക്രട്ടറിയേറ്റ് ജീവനക്കാരായ വികലാംഗ ജീവനക്കാരുടെ പേര്, വിവരങ്ങൾ നൽകാമോ?

ഒപ്പ്

[signature]